Malappurram District Police

## 02/06/2018 കൊണ്ടോട്ടി

ബസ് സ്റ്റാൻഡിൽ നിന്ന് പിഞ്ചുകുഞ്ഞിന്റെ സ്വർണവള മോഷ്ടിച്ച സംഭവത്തിൽ രണ്ട് തമിഴ് യുവതികളെ പിടികൂടി. പൊള്ളാച്ചി സ്വദേശി കൗസല്യ (21), പളനി പത്തനത്ത്പെട്ടി സ്വദേശി മണിയമ്മ (37) എന്നിവരെയാണ് പോലീസ് അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ ചൊവ്വാഴ്ച രാവിലെ ബസ്സ്റ്റാൻഡിലെത്തിയ ആക്കോട് സ്വദേശി ഖയറുന്നീസയുടെ കുഞ്ഞിന്റെ സ്വർണവളയാണ് മോഷ്ടിച്ചത്. തിരക്കേറിയ ബസിൽ കയറുന്നതിനിടെ യുവതി പിറകിലെത്തി കുഞ്ഞിന്റെ കൈയിലണിഞ്ഞ അരപ്പവൻ വള ഊരിയെടുക്കുകയായിരുന്നു. ബസ്സ്റ്റാൻഡിൽ സ്ഥാപിച്ച സി.സി.ടി.വി. ക്യാമറയിൽ മോഷണദൃശ്യങ്ങൾ പതിഞ്ഞിരുന്നു.

പിടിയിലായ മണിയമ്മ കോഴിക്കോട്ടേക്കുള്ള ബസിൽ യാത്രചെയ്യുകയായിരുന്നു. സംശയം തോന്നിയ നാട്ടുകാർ കൊണ്ടോട്ടി സ്റ്റാൻഡിൽ തടഞ്ഞുവെച്ചു. ബസ്സ്റ്റാൻഡിലെ ജീവനക്കാരനായ ഒ.കെ. മുഹമ്മദ്ഹാജിയുടെ നേതൃത്വത്തിൽ നാട്ടുകാർ ഇവരെ കൊണ്ടോട്ടിയിൽ ഇറക്കി പോലീസിൽ അറിയിച്ചു. തുടർന്ന് കൗസല്യയെയും പോലീസ് പിടികൂടി. യുവതികളെ ചോദ്യം ചെയ്തതിൽനിന്നാണ് മാല മോഷ്ടിച്ചത് ലക്ഷ്മിയെന്ന യുവതിയാണെന്ന് പോലീസിന് വിവരം ലഭിച്ചത്. മോഷണം നടത്തിയയുടനെ ലക്ഷ്മി തമിഴ്നാട്ടിലേക്ക് രക്ഷപ്പെട്ടതായും ഇവർ പോലീസിനോട് പറഞ്ഞു. മോഷണദൃശ്യത്തിൽ പതിഞ്ഞ രണ്ടു യുവതികൾ ഓട്ടോറിക്ഷയിൽക്കയറി കുറുപ്പത്തെത്തിയശേഷം പാലക്കാട് ബസിൽ കയറിയതായി ഓട്ടോഡ്രൈവറും നേരത്തെ വിവരം നൽകിയിരുന്നു.